(Debt Equity) അനുസൃതമായ ഇക്വിറ്റി സ്വന്തം നിലയിൽ (Equity) മുതൽ മുടക്കും ബാക്കി ഇക്വിറ്റി വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷനയർക്ക് വായ്പയായി നൽകും (Debt).

(ഡി) കൺസഷൻ എഗ്രിമെന്റ് പ്രകാരം ഇറുമുഖം പ്രവർത്തനം ഇടങ്ങി 15-ാം വർഷം പൂർത്തിയാകുമ്പോൾ (ഇരുപതാം വർഷത്തെ) ആ വർഷത്തെ വരുമാനത്തിന്റെ ഒരു ശതമാനം സംസ്ഥാന സർക്കാരിന് കൈമാറണമെന്നും ഇടർന്ന് ഓരോ വർഷവും ഒരു ശതമാനം വീതം കൂട്ടി പരമാവധി 40 ശതമാനം വരെ വരുമാന വിഹിതം ലഭ്യമാകുന്ന തരത്തിലാണ് റവന്യൂ ഷെയറിംഗ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനുപുറമേ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ ചെയ്യുന്ന ഇറുമുഖേതര വാണിജ്യ പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ 10 ശതമാനം സംസ്ഥാന സർക്കാരിന് ഇറുമുഖ പ്രവർത്തനം ഇടങ്ങി 7-ാം വർഷം പൂർത്തീകരിക്കുന്നതുമുതൽ നൽകുവാനും വ്യവസ്ഥയുണ്ട്.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

241 (218) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറുമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഹാർബറിൽ നിന്ന് ഡ്രഡ്ജ് ചെയ്യു കിട്ടുന്ന മണ്ണ് ആർക്കാണ് നൽകുന്നത് ; മാനദണ്ഡമെന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി മത്സ്യബന്ധന ഇറുമുഖം 2011-ൽ കമ്മീഷൻ ചെയ്യുവെങ്കിലും ഹാർബർ ബേസിനിൽ മണ്ണടിഞ്ഞുകൂടുന്നത് കാരണം മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിൽ അടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഇടർച്ചയായി ഡ്രഡ്ജിംഗ് നടത്തിയിട്ടും ഹാർബർ ബേസിനിന്റെ ആഴം നിലനിർത്താൻ സാധിക്കുന്നില്ല. ഇപ്രകാരം ഹാർബർ ബേസിനിലും സമീപ പ്രദേശങ്ങളിലും ക്രമാതീതമായി മണ്ണ് അടിയുന്ന പ്രവണത തടയുന്നതിനായി സെൻട്രൽ വാട്ടർ പവർ റിസർച്ച് സെന്റർ പൂനെ നടത്തിയ മാതൃകാ പഠന റിപ്പോർട്ട് പ്രകാരം 77.72 കോടിരൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തിനും അനുമതിക്കുമായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന മുറയ്ക്ക് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തോട്ടപ്പള്ളി ഹാർബറിൽ നിന്നും ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണിൽ ധാതുമണൽ അടങ്ങിയിട്ടുള്ളതിനാൽ അത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.എൽ., ചവറ-യ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) 348/14/എഫ്.&പി.ഡി. തീയതി 16-5-2014 പ്രകാരം 41,900 ഘനമീറ്റർ മണൽ ക്യൂബിക്ക് മീറ്ററിന് 556 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് 657/15/മത്സ്യ. തീയതി 10-8-2015 പ്രകാരം 72000 ക്യു.മീ. മണ്ണ് ഐ.ആർ.ഇ.എൽ. ചവറയ്ക്ക് ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. ധാതുമണൽ വേർതിരിച്ചതിനുശേഷം ലഭിക്കുന്ന 20000 ഘനമീറ്റർ വേസ്റ്റ് മണൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറക്കാട് പഞ്ചായത്ത് ചതുപ്പ് സ്ഥലം മണ്ണിട്ട് നികത്തുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. പുറക്കാട് വില്ലേജിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 21-ൽ റീസർവ്വേ 123/2-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി താമസയോഗ്യമാക്കുന്നതിനാണ് പ്രസ്തുത വേസ്റ്റ് മണ്ണ് ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. ഐ.ആർ.ഇ.എൽ. ചവറയ്ക്ക് അനുവദിച്ചിട്ടുള്ള 72000 ഘനമീറ്റർ മണ്ണിൽ നിന്നും 20000 ഘനമീറ്റർ വേസ്റ്റ് മണ്ണ് വേർതിരിക്കുന്നതിനാവശ്യമായ മിനറൽ കലർന്ന മണ്ണിന് 556 രൂപ ഘനമീറ്റർ നിരക്കിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലേക്ക് നീക്കം ചെയ്തതിനു ശേഷം ബാക്കി വരുന്ന മിനറൽ കലർന്ന മണ്ണിന് 660 രൂപ നിരക്കിലും വില നൽകി സ്വന്തം ചെലവിൽ ധാതു കലർന്ന മണ്ണ് നീക്കം ചെയ്യുന്നതിനാണ് ഐ.ആർ.ഇ.-എല്ലിനെ അനുവദിച്ചിട്ടുള്ളത്.

ഹാർബർ എഞ്ചിനീയറിംഗ്

242 (219) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര ;അവ ഏതൊക്കയാണ് ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ് ; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു. ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര ;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു ;വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly